സത്യ സന്ദേശം

# അവർ ആരോട് പ്രാർത്ഥിച്ചു ?

## ഖുർആൻ പരാമർശിച്ച അമ്പിയാ-ഔലിയാക്കളുടെ പ്രാർത്ഥനകൾ

(വലിയ ഖാസി ഇമ്പിച്ചിക്കോയ തങ്ങളുടെ
ഖുർആൻ പരിഭാഷയിൽ നിന്ന് നേരിട്ട് ചേർത്തത്.)

بسم الله الرحمن الرحيم

പരിശുദ്ധ ഖുർആൻ 25 ഓളം അമ്പിയാക്കളെ കുറിച്ചും ഏതാനും ഔലിയാക്കളെ കുറിച്ചും പരാമർശിച്ചിട്ടുണ്ട്. അവരിൽ പലരും വിവിധ ആഗ്രഹങ്ങളുടെ സഫലീകരണങ്ങൾക്ക് വേണ്ടി നടത്തിയ പ്രാർത്ഥനകളും ഖുർആൻ ഉദ്ധരിച്ചിട്ടുണ്ട്. എന്നാ ൽ ആ പ്രാർത്ഥനകളിലെവിടെയും തങ്ങൾക്ക് മുമ്പ് മരിച്ചുപോയ മറ്റേതെങ്കിലും നബിമാരെയോ മഹാത്മാക്കളെയോ വിളിച്ചുതേടിയ തായോ (ഇസ്തിഗാസ), അവരിലാരുടെയെങ്കിലും മഖ്ബറകൾ തേടിപ്പോയതായോ ആരുടെയെങ്കിലും ഹഖ്, ജാഹ്, ബർക്കത്തുകൾ കൊണ്ട് ഇട തേടിയതായോ (തവസ്സുൽ) ഒരിക്കലും നമുക്ക് കാണാൻ സാധിക്കുകയില്ല. മറിച്ച് അവരെല്ലാം ഇടയാളരും മധ്യവർത്തികളുമില്ലാതെ നേരിട്ട് അല്ലാഹുവോടു മാത്രം പ്രാർത്ഥിക്കുകയാണ് ചെയ്തത് എന്ന് വിശുദ്ധ ഖുർആൻ തന്നെ വ്യക്തമാക്കുന്നു.

ആ അമ്പിയാക്കളുടെ മാതൃക പിൻപറ്റാനാണ് അല്ലാഹു നമ്മോട് നിർദ്ധേശിച്ചിട്ടുള്ളത്. സൂറത്ത് അൻആം 90-ാം വചനത്തിൽ പതിനെട്ടോളം അമ്പിയാക്കൻമാരുടെ പേരുദ്ധരിച്ച ശേഷം ഖുർആൻ പ്രഖ്യാപിക്കുന്നു:

**(സൂറഃ അൻആം- 90, അൽബയാൻ പേജ്: 179)**

| | |
|---|---|
| 6/90. അല്ലാഹു നേർമാർഗ്ഗത്തിലാക്കിയ പ്രവാചകർ തന്നെയാണവർ. അവരുടെ മാർഗ്ഗദർശനത്തെ പിന്തുടരുക. | أُولَٰئِكَ الَّذِينَ هَدَى اللَّهُ فَبِهُدَاهُمُ اقْتَدِهْ |

അമ്പിയാക്കളുടെ മാതൃക പിൻപറ്റുന്നവരാണ് യഥാർത്ഥ സൻമാർഗം പ്രാപിച്ചവർ എന്നാണ് അല്ലാഹു ഇവിടെ ഉണർത്തുന്നത്.

ഇനി സൃഷ്ടികളായ നമ്മൾ ആഗ്രഹസഫലീകരണങ്ങൾക്ക് വേണ്ടി ആരോട് പ്രാർത്ഥിക്കണമെന്നും എങ്ങനെ പ്രാർത്ഥിക്കണമെന്നും ഈ അമ്പിയാക്കളും അതുപോലെ ഔലിയാക്കളും ബീവിമാരുമെല്ലാം നമുക്കു കാണിച്ചുതന്ന മാതൃക എപ്രകാരമാണെന്നും വിശുദ്ധ ഖുർആനിലൂടെ തന്നെ

നമുക്കൊന്നു പരിശോധിക്കാം. അതിനായി ഈ കൃതിയിൽ നാം ഉദ്ധരിച്ചിട്ടുള്ളത് പ്രസിദ്ധ സുന്നി പണ്ഡിതനായ കോഴിക്കോട് വലിയ ഖാസി ഇമ്പിച്ചിക്കോയ തങ്ങൾ എഴുതിയ *'അൽ ബയാൻ ഫീ മആനിൽ ഖുർആൻ'* എന്ന സമ്പൂർണ്ണ ഖുർആൻ പരിഭാഷയാണ്. അതിന് അവതാരിക എഴുതിയിട്ടുള്ളത് 'സമസ്ത കേരള ജംഇയ്യത്തുൽ ഉലമ' യുടെ പ്രസിഡന്റായിരുന്ന 'അസ്ഹരി തങ്ങൾ' അവർകളാണ്. പ്രസ്തുത ഖുർആൻ പരിഭാഷയിൽ നിന്നും ഒരു പുള്ളിക്കു പോലും മാറ്റം വരാതെ നേരിട്ടു ചേർത്ത ആയത്തുകളും അർത്ഥങ്ങളുമാണ് ചുവടെ:

## 1. പാപങ്ങൾ പൊറുക്കാൻ ആദം നബി (അ) നടത്തിയ പ്രാർത്ഥന

(സൂറഃ അഅ്റാഫ്: 23. അൽബയാൻ പേജ്: 198)

**7/23. അവർ പറഞ്ഞു: "ഞങ്ങളുടെ നാഥാ ! ഞങ്ങൾ സ്വന്തത്തോട് തന്നെ അക്രമം കാണിച്ചുപോയി. നീ ഞങ്ങൾക്ക് പൊറുത്തു തരികയും ഞങ്ങളോട് കരുണകാണിക്കുകയും ചെയ്തില്ലെങ്കിൽ ഞങ്ങൾ നഷ്ടക്കാരിൽപ്പെട്ടുപോകും."**

قَالَا رَبَّنَا ظَلَمْنَا أَنفُسَنَا وَإِن لَّمْ تَغْفِرْ لَنَا
وَتَرْحَمْنَا لَنَكُونَنَّ مِنَ الْخَاسِرِينَ ﴿٢٣﴾

ഇവിടെ ആദം നബി(അ)ക്ക് മുമ്പ് അല്ലാഹുവിന്റെ മുഖർറബുകളായ മലക്കുകളുണ്ടായിട്ടും അദ്ദേഹം അവരെ വിളിച്ച് പ്രാർത്ഥിച്ചില്ല. പലരും പ്രചരിപ്പിക്കുന്നതുപോലെ പതിറ്റാണ്ടുകൾക്കു ശേഷം ജനിക്കാനിരിക്കുന്ന മുഹമ്മദ് നബി(ﷺ)യുടെ ഹഖ്-ജാഹ്- ബർക്കത്തുകൊണ്ട് ഇടതേടിയില്ല. മറിച്ച് യാതൊരുവിധ ഇടയാളന്മാരും മധ്യവർത്തികളുമില്ലാതെ നേർക്കുനേരെ അല്ലാഹുവിനോട് മാത്രം പ്രാർത്ഥിക്കുകയാണ് ചെയ്തത്.

എന്നാൽ ഇന്ന് നമ്മുടെ സഹോദരങ്ങൾ തെറ്റുകൾ പൊറുക്കാൻ വേണ്ടി നബി(ﷺ)യോടും മരിച്ചുപോയ മറ്റുപല മഹാത്മാക്കളോടും നേരിട്ടും അല്ലാതെയുമായി മാല മൗലീദുകളിലൂടെയും മറ്റും തേടുന്നു! എത്രമാത്രം വലിയ അപരാധമാണിത്!! അവരെല്ലാം ആദം നബി(അ) കാണിച്ചുതന്ന ഈ മാതൃകയിലേക്ക് മടങ്ങിവരികയാണ് വേണ്ടത്.

## 2. രോഗം മാറാൻ അയ്യൂബ് നബി (അ) നടത്തിയ പ്രാർത്ഥന

(സൂറഃ അമ്പിയാഅ്: 83,84. അൽബയാൻ പേജ്: 445)

**21/83. അയ്യൂബിനെയും (ഓർക്കുക) അദ്ദേഹം തന്റെ നാഥനെ വിളിച്ച് പ്രാർത്ഥിച്ച സന്ദർഭം. എന്നെ വിഷമം ബാധിച്ചിരിക്കുന്നു. കരുണ ചെയ്യുന്നവരിൽ ഏറ്റവും കരുണ ചെയ്യുന്നവനാണല്ലൊ നീ."**

وَأَيُّوبَ إِذْ نَادَىٰ رَبَّهُ أَنِّي مَسَّنِيَ الضُّرُّ
وَأَنتَ أَرْحَمُ الرَّاحِمِينَ ﴿٨٣﴾

21/84. നാം അദ്ദേഹത്തിനുത്തരം നൽകുകയും അദ്ദേഹത്തെ ബാധിച്ച വിഷമതകൾ നീക്കിക്കൊടുക്കുകയും ചെയ്തു. നമ്മുടെ പക്കൽ നിന്നുള്ള കാരുണ്യവും, ആരാധിക്കുന്നവർക്ക് ഒരു പാഠവുമായിക്കൊണ്ട് സ്വന്തം കുടുംബത്തേയും അവരോടൊപ്പം അത്രപേരെ വേറെയും അദ്ദേഹത്തിന് നാം നൽകുകയും ചെയ്തു.

فَٱسْتَجَبْنَا لَهُۥ فَكَشَفْنَا مَا بِهِۦ مِن ضُرٍّ ۖ وَءَاتَيْنَٰهُ أَهْلَهُۥ وَمِثْلَهُم مَّعَهُمْ رَحْمَةً مِّنْ عِندِنَا وَذِكْرَىٰ لِلْعَٰبِدِينَ ﴿٨٤﴾

ഇവിടെയും, അയ്യൂബ് നബി(അ)ക്ക് മുമ്പ് ഒരുപാട് അമ്പിയാക്കളും ഔലിയാക്കളും മരിച്ചുപോയിട്ടുണ്ട്. എന്നിട്ടും അദ്ദേഹം 'ആദംനബിയേ കാക്കണേ...', 'നൂഹ് നബിയേ എന്റെ രോഗം സുഖപ്പെടുത്തേണമേ...' എന്നിങ്ങനെ മരിച്ചുപോയവരേയോ ജീവിച്ചിരിക്കുന്നവരേയോ വിളിച്ചു പ്രാർത്ഥിച്ചിട്ടില്ല. നേർക്കു നേരെ അല്ലാഹുവോട് പ്രാർത്ഥിക്കുകയാണ് ചെയ്തത്.

ഇവിടെ നമ്മൾ മനസ്സിലാക്കേണ്ട മറ്റൊരു പ്രധാന കാര്യം, വലിയൊരു നബിയായ അയ്യൂബ്(അ)ക്കു പോലും സ്വന്തം രോഗം സുഖപ്പെടുത്താൻ പോലും സാധിച്ചില്ലായെന്നതാണ്! അല്ലെങ്കിൽ, സ്വന്തം ശരീരത്തിൽ രോഗം ബാധിക്കാതെ നോക്കാനെങ്കിലും അദ്ദേഹത്തിന് കഴിഞ്ഞില്ല! എന്നിട്ടും നമ്മുടെ സമൂഹം രോഗം മാറാൻ ഇത്തരം അമ്പിയാക്കളെയും അവരേക്കാൾ താഴെ നിലയിലുള്ള ഔലിയാക്കളെയും വിളിച്ചുപ്രാർത്ഥിക്കുന്നു!. അവരുടെ ജാറങ്ങളിലേക്കും മഖ്ബറകളിലേക്കും പോകുന്നു. പലതരം മന്ത്രവാദങ്ങളും ഹോമങ്ങളും നടത്തുന്നു. ഏലസ്സുകളും ഉറുക്കുകളും കെട്ടുന്നു. എന്തുമാത്രം വലിയ വൈരുദ്ധ്യമാണിത് ? ഇതെല്ലാം പ്രവാചകൻമാരുടെ മാതൃകയില്ലാത്ത, ഇസ്‌ലാമിന്റെ നിർദ്ദേശമില്ലാത്ത, തികച്ചും തെറ്റായ പ്രവണതകളാണ്. അതിനാൽ ഇത്തരം സഹോദരങ്ങൾ അയ്യൂബ് നബി(അ)യുടെ മാതൃക സ്വീകരിച്ച് നേരിട്ട് അല്ലാഹുവോട് പ്രാർത്ഥിക്കുകയാണ് ചെയ്യേണ്ടത്. എങ്കിൽ അല്ലാഹു അയ്യൂബ് നബിയെ സുഖപ്പെടുത്തിയതുപോലെ നമ്മുടെ രോഗങ്ങളും സുഖപ്പെടുത്തി തരുമെന്നാണ് പ്രസ്തുത ആയത്തിന്റെ അവസാന ഭാഗത്ത് പ്രത്യേകം സൂചിപ്പിക്കുന്നത്.

## 3. ആപത്തിൽ നിന്ന് രക്ഷപ്പെടാൻ യൂനുസ് നബി (അ) നടത്തിയ പ്രാർത്ഥന

(സൂറഃ അമ്പിയാഅ്: 87,88. അൽബയാൻ പേജ്: 446)

21/87. ദുന്നൂനെയും (ഓർക്കുക). കുപിതനായ്ക്കൊണ്ട് അദ്ദേഹം പോയ സന്ദർഭം. തൻെറ മേൽ നാം കുടുസ്സാക്കുകയേയില്ലെന്ന് അദ്ദേഹം കരുതി. അങ്ങനെ ഇരുട്ടുകളിൽവെച്ച് അദ്ദേഹം പ്രാർത്ഥിച്ചു. "(എൻെറ നാഥാ) നീയല്ലാതെ ഒരു ആരാധ്യനുമില്ല. നിൻെറ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു. ഞാൻ അക്രമികളിൽപെട്ടു പോയിരിക്കുന്നു."

وَذَا ٱلنُّونِ إِذ ذَّهَبَ مُغَٰضِبًا فَظَنَّ أَن لَّن نَّقْدِرَ عَلَيْهِ فَنَادَىٰ فِى ٱلظُّلُمَٰتِ أَن لَّآ إِلَٰهَ إِلَّآ أَنتَ سُبْحَٰنَكَ إِنِّى كُنتُ مِنَ ٱلظَّٰلِمِينَ ﴿٨٧﴾

21/88. അപ്പോൾ നാം അദ്ദേഹത്തിന് ഉത്തരം നൽകി. ദുഃഖത്തിൽ നിന്നും അദ്ദേഹത്തെ നാം രക്ഷിക്കുകയും ചെയ്തു. <u>അതുപ്രകാരം സത്യവിശ്വാസികളെ നാം രക്ഷിക്കുന്നു.</u>

فَٱسْتَجَبْنَا لَهُۥ وَنَجَّيْنَٰهُ مِنَ ٱلْغَمِّ ۚ وَكَذَٰلِكَ نُـۨجِى ٱلْمُؤْمِنِينَ ﴿٨٨﴾

യൂനുസ് നബി(അ) അങ്ങേയറ്റം നിസ്സഹായനായ അവസ്ഥയിൽ, സമുദ്ര മധ്യത്തിൽ ഒരു മത്സ്യത്തിന്റെ വയറ്റിൽ വെച്ച് ഈ പ്രാർത്ഥന നടത്തുമ്പോൾ അദ്ദേഹത്തിന് മുമ്പും പല നബിമാരും മരിച്ചുപോയിട്ടുണ്ട്. പക്ഷെ അവരോടൊന്നും അദ്ദേഹം രക്ഷക്കായി പ്രാർത്ഥിച്ചില്ല. മറിച്ച് അല്ലാഹുവോട് മാത്രമാണ് പ്രാർത്ഥിച്ചത്. മാത്രമല്ല യൂനുസ് നബിക്കും സ്വന്തം ശരീരത്തെ താനകപ്പെട്ട വിപത്തിൽ നിന്നും രക്ഷപ്പെടുത്താൻ സാധിച്ചില്ല!

എന്നാൽ ഇന്ന് നമ്മിൽ പലരും അപകടങ്ങൾ പറ്റുമ്പോൾ, എന്തിനധികം കാലിൽ ചെറിയൊരു മുള്ള് തറക്കുമ്പോഴേക്ക് 'ബദ്‌രീങ്ങളേ കാക്കണേ..., മുഹ്‌യിദ്ദീൻ ശൈഖേ രക്ഷിക്കണേ...' എന്നിങ്ങനെ മരിച്ചുപോയവരോടും മറ്റും വിളിച്ചു പ്രാർത്ഥിക്കുന്നു. എത്ര വലിയ അപരാധവും ധിക്കാരവുമാണിത്! അതുകൊണ്ട് യൂനുസ് നബി(അ) പ്രാർത്ഥിച്ചതുപോലെ ഇടയാളരില്ലാതെ നേരിട്ട് അല്ലാഹുവോടു മാത്രം പ്രാർത്ഥിക്കുകയാണ് നാം ചെയ്യേണ്ടത്. എങ്കിൽ അല്ലാഹു യൂനുസ് നബിയെ അപകടത്തിൽ നിന്ന് രക്ഷപ്പെടുത്തിയതു പോലെ നമ്മെയും രക്ഷപ്പെടുത്തുമെന്നാണ് ആയത്തിന്റെ അവസാന ഭാഗത്ത് പ്രത്യേകം എടുത്തുപറയുന്നത്.

## 4. സന്താന സൗഭാഗ്യത്തിന് ഇബ്രാഹീം നബി(അ) നടത്തിയ പ്രാർത്ഥന

(സൂറഃ സ്വാഫ്ഫാത്ത്: 100. അൽബയാൻ പേജ്: 260)

37/100. എന്റെ നാഥാ, സദ്‌വൃത്തരിൽപെട്ട സന്താനങ്ങളെ എനിക്ക് നീ പ്രദാനം ചെയ്യേണമേ!

رَبِّ هَبْ لِى مِنَ ٱلصَّٰلِحِينَ ﴿١٠٠﴾

അല്ലാഹുവിന്റെ 'ഖലീൽ' അഥവാ കൂട്ടുകാരൻ എന്ന സ്ഥാന പേര് വരെ ലഭിച്ച മഹാനായ ഇബ്രാഹീം നബി(അ)യെപ്പോലും സന്താനത്തെ നൽകാതെ വാർദ്ധക്യം വരെ അല്ലാഹു പരീക്ഷിക്കുകയാണ് ചെയ്തത്. പക്ഷെ അദ്ദേഹം നിരാശനായി ഏതെങ്കിലും ജാറങ്ങളിലോ മഖ്ബറകളിലോ അഭയം തേടിയില്ല. മറ്റാരെയെങ്കിലും വിളിച്ച് സങ്കടം സമർപ്പിച്ചില്ല. മറിച്ച്, പ്രതീക്ഷയോടെ അല്ലാഹുവോട് പ്രാർത്ഥിക്കുകയാണ് ചെയ്തത്.

എന്നാൽ ഇന്ന് നമ്മുടെ സഹോദരങ്ങൾ കുട്ടികളുണ്ടാകാൻ വേണ്ടി മമ്പുറം, നാഗൂർ, അജ്മീർ..... തുടങ്ങിയ ജാറങ്ങളിലേക്കും, ദർഗകളിലേക്കും പോവുകയും അവിടങ്ങളിൽ മറമാടപ്പെട്ടുകിടക്കുന്ന മഹാത്മാക്കളെ

വിളിച്ച് പ്രാർത്ഥിക്കുകയും അവർക്ക് നേർച്ച വഴിപാടുകൾ അർപ്പിക്കുകയും ചെയ്യുന്നു! അവർക്കെല്ലാം ഇബ്രാഹീം നബി (അ) യുടെ മാതൃക പോരെ...? എന്നാണ് നമുക്ക് ചോദിക്കാനുള്ളത്.

### 5. നഷ്ടപ്പെട്ടത് തിരിച്ചുകിട്ടാൻ യഅ്കൂബ് (അ) നടത്തിയ പ്രാർത്ഥന

(സൂറഃ യൂസുഫ്: 86. അൽബയാൻ പേജ്: 323)

| | |
|---|---|
| 12/86. അദ്ദേഹം പറഞ്ഞു: എന്റെ ദുഃഖവും വേദനയും അല്ലാഹുവോട് മാത്രമാണ് ഞാൻ പറയുന്നത്. | قَالَ إِنَّمَا أَشْكُو بَثِّي وَحُزْنِي إِلَى اللَّهِ |

യഅ്ഖൂബ് നബി (അ), വാത്സല്യനിധിയായ തന്റെ പുത്രൻ യൂസുഫിനെ നഷ്ടപ്പെട്ടപ്പോൾ ഏറെക്കാലം കാത്തിരുന്നിട്ടും തിരിച്ചുകിട്ടാതെ കരഞ്ഞ് കലങ്ങിയ കണ്ണുകളുമായി അല്ലാഹുവോട് നടത്തിയ പ്രാർത്ഥനയാണിത്. അദ്ദേഹം തന്റെ ദു:ഖങ്ങളും ആവലാതികളും ഇറക്കിവെക്കാൻ ഏതെങ്കിലും മഖ്ബറകളെ സമീപിക്കുകയോ, മരിച്ചുപോയവരെ വിളിച്ചു പ്രാർത്ഥിക്കുകയോ അല്ല ഇവിടെ ചെയ്തത്. എന്നാൽ ഇന്ന് നമ്മുടെ ആളുകൾ വല്ല ആഭരണങ്ങളോ മറ്റോ നഷ്ടപ്പെട്ടാൽ തങ്ങൻമാരെയും ബീവിമാരേയും ജാറങ്ങളേയുമാണ് സമീപിക്കാറുള്ളത്. അവരെല്ലാം യഅ്കൂബ് നബി (അ)യുടെ ഈ മാതൃക ഉൾക്കൊള്ളുകയാണ് വേണ്ടത്.

ഇതുപോലെ മറ്റു പല പ്രവാചകൻമാരും വിവിധങ്ങളായ ആഗ്രഹ സഫലീകരണങ്ങൾക്ക് വേണ്ടി നടത്തിയ പ്രാർത്ഥനകളും ഖുർആനിൽ കാണാൻ സാധിക്കും. ഉദാഹരണമായി: ശത്രുക്കളിൽ നിന്ന് രക്ഷപ്പെടാൻ ലൂത്ത് നബി (അ) നടത്തിയ പ്രാർത്ഥന (അങ്കബൂത്ത്: 30), കൃത്യനിർവ്വഹണത്തിന് പ്രാപ്തിയുണ്ടാവാൻ മൂസാനബി (അ) നടത്തിയ പ്രാർത്ഥന (ത്വാഹ: 25-33), നല്ല പര്യവസാനത്തിന് യൂസുഫ് നബി (അ) നടത്തിയ പ്രാർത്ഥന (യൂസു ഫ്: 101), വിജ്ഞാന ലബ്ദിക്ക് മുഹമ്മദ് നബി നടത്തിയ പ്രാർത്ഥന (ത്വാഹ:114), അധികാര ലബ്ദിക്ക് സുലൈമാൻ നബി (അ) നടത്തിയ പ്രാർത്ഥന (സ്വാദ്:35), ആഹാര ലബ്ദിക്ക് ഈസാ നബി (അ) നടത്തിയ പ്രാർത്ഥന (മാഇദ: 114).... ഇങ്ങിനെ ധാരാളം പ്രാർത്ഥനകൾ വേറെയും ഖുർആനിൽ കാണാൻ സാധിക്കും. ഈ പ്രാർത്ഥനകളിലെവിടേയും മുൻകഴിഞ്ഞ ഒരു പ്രവാചകനേയും നേരിട്ടോ ഇടയാളന്മാരാക്കിയോ വിളിച്ചു പ്രാർത്ഥിച്ചതായി കാണുക സാധ്യമല്ല. ചുരുക്കത്തിൽ നമ്മുടെ മാതൃകാ പുരുഷൻമാരായ പ്രവാചകൻമാർ അവരുടെ ജീവിതത്തിൽ എത്ര വലിയ പ്രതിസന്ധികളുണ്ടായിട്ടും തങ്ങൾക്ക് മുമ്പു മരിച്ചുപോയവരോ ജീവിച്ചിരിക്കുന്നവരോ ആയ മറ്റേതെങ്കിലും പ്രവാചകൻമാരെ വിളിച്ച് പ്രാർത്ഥിച്ചില്ല. അവരുടെ ഹഖ്-ജാഹ്-ബർക്കത്ത് കൊണ്ട് ഇടതേടിയില്ല. നേരിട്ട് അല്ലാഹുവോട് മാത്രം പ്രാർത്ഥിക്കുകയാണ് ചെയ്തത്. ആ മാതൃകയാണ് നാമും സ്വീകരിക്കേണ്ടത്.

## ഔലിയാക്കൾ ആരോട് പ്രാർത്ഥിച്ചു ?

അമ്പിയാക്കളുടെ പ്രാർത്ഥനാ മാതൃകക്ക് പുറമെ ചില ഔലിയാക്കളുടെ പ്രാർത്ഥനകളും ഖുർആൻ നമുക്ക് ഉദ്ധരിച്ചു തന്നിട്ടുണ്ട്. അവരും ഏതെങ്കിലും നബിമാരോടോ മറ്റോ പ്രാർത്ഥിച്ചിട്ടില്ല. മറിച്ച് ഇടയാളരും മധ്യവർത്തികളില്ലാതെ അല്ലാഹുവോട് മാത്രം പ്രാർത്ഥിക്കുകയാണ് ചെയ്തത്.

ഉദാഹരണമായി ഖുർആൻ പരിചയപ്പെടുത്തുന്ന മഹാൻമാരായ ഔലിയാക്കളാണല്ലോ 'അസ്ഹാബുൽ കഹ്ഫ്.' ആദർശ ശത്രുക്കളിൽ നിന്ന് രക്ഷപ്പെടാൻ വേണ്ടി ഒരു ഗുഹയിൽ അഭയം തേടിയ ആ ഔലിയാക്കൾ ആത്മരക്ഷക്ക് വേണ്ടി നടത്തിയ പ്രാർത്ഥന ഖുർആൻ ഇപ്രകാരം ഉദ്ധരിക്കുന്നു: (സൂറഃ അൽ കഹ്ഫ്: 10. അൽബയാൻ പേജ്: 391)

| | |
|---|---|
| 18/10. ആ യുവാക്കൾ ഗുഹയിൽ അഭയം പ്രാപിച്ച സന്ദർഭം. അന്നേരം അവർ പറഞ്ഞു: ഞങ്ങളുടെ നാഥാ, നിന്റെ പക്കൽ നിന്നുള്ള കാരുണ്യം ഞങ്ങൾക്ക് നീ നൽകേണമേ. ഞങ്ങളുടെ കാര്യത്തിൽ നീ ഞങ്ങൾക്ക് സന്മാർഗ്ഗം ഒരുക്കിത്തരുകയും ചെയ്യേണമേ. | إِذْ أَوَى الْفِتْيَةُ إِلَى الْكَهْفِ فَقَالُوا رَبَّنَا آتِنَا مِن لَّدُنكَ رَحْمَةً وَهَيِّئْ لَنَا مِنْ أَمْرِنَا رَشَدًا ﴿١٠﴾ |

നോക്കൂ, ഇവിടെയും ഈ ഔലിയാക്കൾക്ക് മുമ്പ് മുഅ്ജിസത്തുകളുള്ള ധാരാളം പ്രവാചകൻമാർ മരിച്ചുപോയിട്ടുണ്ട്, ചിലരൊക്കെ ജീവിച്ചിരിക്കുന്നുമുണ്ട്. എന്നിട്ടും അവരോടൊന്നും ഇവർ പ്രാർത്ഥിച്ചില്ല. ആരുടേയും ഹഖ്-ജാഹ്-ബർക്കത്ത് കൊണ്ട് ഇടതേടിയില്ല. മറിച്ച് അല്ലാഹുവോട് മാത്രം പ്രാർത്ഥിക്കുകയാണ് ചെയ്തത്.

## ബീവിമാർ ആരോട് പ്രാർത്ഥിച്ചു ?

ഇതും ഖുർആൻ തന്നെ ഉദ്ധരിച്ചിട്ടുണ്ട്. ഉദാഹരണമായി ഫിർഔനിന്റെ ഭാര്യ ആസ്യാബീവി (റ) നടത്തിയ പ്രാർത്ഥന ഖുർആൻ ഇപ്രകാരം ഉദ്ധരിക്കുന്നു:

(സൂറഃ തഹ്‌രീം: 11. അൽബയാൻ പേജ്: 791)

| | |
|---|---|
| 66/11. സത്യവിശ്വാസികൾക്ക് ഉദാഹരണമായി ഫിർഔന്റെ ഭാര്യയെയാണ് അല്ലാഹു എടുത്ത് കാണിച്ചിരിക്കുന്നത്. അവർ പറഞ്ഞ സന്ദർഭം: "എന്റെ നാഥാ, നിന്റെയടുത്ത് സ്വർഗ്ഗത്തിൽ എനിക്ക് ഒരു വീട് നിർമ്മിച്ചു തരേണമേ. ഫിർഔനിൽ നിന്നും അവന്റെ ചെയ്തികളിൽ നിന്നും എന്നെ രക്ഷിക്കേണമേ. അക്രമികളായ ജനതയിൽ നിന്നും എന്നെ രക്ഷിക്കേണമേ." | وَضَرَبَ اللَّهُ مَثَلًا لِّلَّذِينَ آمَنُوا امْرَأَتَ فِرْعَوْنَ إِذْ قَالَتْ رَبِّ ابْنِ لِي عِندَكَ بَيْتًا فِي الْجَنَّةِ وَنَجِّنِي مِن فِرْعَوْنَ وَعَمَلِهِ وَنَجِّنِي مِنَ الْقَوْمِ الظَّالِمِينَ ﴿١١﴾ |

ഇവിടേയും പ്രാർത്ഥന അല്ലാഹുവോടു മാത്രമാണ്. ഇടയാളരും ശുപാർശകരുമില്ല.

## സത്യ വിശ്വാസികൾ ആരോട് പ്രാർത്ഥിക്കണം ?

സത്യവിശ്വാസികൾ ആരോടാണ് പ്രാർത്ഥിക്കേണ്ടത് എന്നതിനുള്ള ഉത്തരമാണ് മുകളിലുദ്ധരിച്ച അമ്പിയാ-ഔലിയാക്കളുടെ പ്രാർത്ഥനാ മാതൃകകൾ. എന്നാൽ അതിന്നും പുറമെ 'വിശ്വാസികൾ നടത്തുന്ന പ്രാർത്ഥനകൾ' എന്നുപറഞ്ഞുകൊണ്ടുതന്നെ പരിശുദ്ധ ഖുർആൻ ധാരാളം പ്രാർത്ഥനകൾ ഉദ്ധരിച്ചിട്ടുണ്ട്. ഒരു ഉദാഹരണം ശ്രദ്ധിക്കുക:

(സൂറഃ അൽബഖറ- 201,202. പേജ്: 46)

| | |
|---|---|
| 2/201. ഞങ്ങളുടെ നാഥാ, ഞങ്ങൾക്ക് ഇഹലോകത്ത് നീ നന്മ നൽകേണമേ. പരലോകത്തും ഞങ്ങൾക്ക് നന്മ നൽകുകയും നരകശിക്ഷയിൽനിന്നും ഞങ്ങളെ കാത്തുരക്ഷിക്കുകയും ചെയ്യേണമേ എന്ന് പറയുന്നവരും അവരിലുണ്ട്. | وَمِنْهُم مَّن يَقُولُ رَبَّنَا آتِنَا فِي الدُّنْيَا حَسَنَةً وَفِي الْآخِرَةِ حَسَنَةً وَقِنَا عَذَابَ النَّارِ ﴿٢٠١﴾ |
| 2/202. ഇക്കൂട്ടർക്ക് തങ്ങൾ പ്രവർത്തിച്ചതിൽനിന്നും വിഹിതമുണ്ട്. അല്ലാഹു അതിദ്രുതം വിചാരണ ചെയ്യുന്നവനാണ്. | أُولَٰئِكَ لَهُمْ نَصِيبٌ مِّمَّا كَسَبُوا وَاللَّهُ سَرِيعُ الْحِسَابِ ﴿٢٠٢﴾ |

ഇവിടെ ഭൗതികവും പാരത്രികവുമായ മുഴുവൻ ആവശ്യങ്ങൾക്കും വേണ്ടി അല്ലാഹുവോടാണ് പ്രാർത്ഥിക്കേണ്ടതെന്ന് വ്യക്തമാണ്. അതിനാൽ വിശ്വാസികളായ നമ്മൾ ഈ മാതൃക പിന്തുടരുക. അഥവാ അല്ലാഹുവോട് മാത്രം പ്രാർത്ഥിക്കുക.

## ഹദീസുകളിലെ പ്രാർത്ഥനകൾ ആരോട് ?

ഒരു വിശ്വാസി രാവിലെ ഉറക്കിൽ നിന്ന് ഉണരുന്നത് മുതൽ രാത്രി ഉറങ്ങാൻ കിടക്കുന്നത് വരെയുള്ള വിവിധ സന്ദർഭങ്ങളിൽ നടത്തേണ്ട നൂറുക്കണക്കിന് സുന്നത്തായ പ്രാർത്ഥനകൾ നബി(ﷺ) പഠിപ്പിച്ചിട്ടുണ്ട്. (ഉദാ:- വാഹനത്തിൽ കയറുമ്പോൾ, പുതുവസ്ത്രം ധരിക്കുമ്പോൾ, മഴക്ക് വേണ്ടി, രോഗ ശാന്തിക്ക് വേണ്ടി, ഖബർ സിയാറത്ത് ചെയ്യുമ്പോൾ...) എന്നാൽ ഈ പ്രാർത്ഥനകളിലെവിടേയും അല്ലാഹുവല്ലാത്തവരോടുള്ള പ്രാർത്ഥനയുടെ ഒരു ശകലം പോലും കാണുക സാധ്യമല്ല. എല്ലാം അല്ലാഹുവോട് മാത്രമാണെന്നും അവയിലൊന്നും ആരുടേയും ഹഖും ജാഹും ബർക്കത്തുമില്ലെന്നും പ്രത്യേകം ശ്രദ്ധേയമാണ്.

മാത്രമല്ല ഇത്തരം മാതൃകകളിൽ നിന്നുള്ള വ്യതിയാനം ഇസ്‌ലാമിക ദൃഷ്ടിയിൽ ഏറ്റവും ഗൗരവമേറിയതാണ്. അഥവാ അല്ലാഹുവല്ലാത്തവരോടു

ള്ള പ്രാർത്ഥന, സ്വർഗം നിഷിദ്ധമാക്കുകയും നരകം ശാശ്വതമാക്കുകയും ചെയ്യുന്ന മഹാപാപമായ ശിർക്കാണെന്നാണ് ഖുർആൻ പഠിപ്പിക്കുന്നത്. ഒരു വചനം ശ്രദ്ധിക്കുക:

(സൂറ. മാഇദ:72, അൽബയാൻ പേജ്: 155)

| | |
|---|---|
| എന്റെയും നിങ്ങളുടെയും രക്ഷിതാവായ അല്ലാഹുവിനെ നിങ്ങൾ ആരാധിക്കുക. അല്ലാഹുവോട് ആരെങ്കിലും ആരെയെങ്കിലും പങ്ക് ചേർക്കുന്നുവെങ്കിൽ അല്ലാഹു അവന് സ്വർഗ്ഗം നിഷിദ്ധമാക്കുക തന്നെ ചെയ്തിരിക്കുന്നു. നരകമാണവരുടെ വാസസ്ഥലം. അക്രമികൾക്ക് സഹായികളാരും ഉണ്ടാവുകയില്ല. | اعْبُدُوا اللَّهَ رَبِّي وَرَبَّكُمْ إِنَّهُ مَن يُشْرِكْ بِاللَّهِ فَقَدْ حَرَّمَ اللَّهُ عَلَيْهِ الْجَنَّةَ وَمَأْوَاهُ النَّارُ وَمَا لِلظَّالِمِينَ مِنْ أَنصَارٍ ﴿٧٢﴾ |

ചുരുക്കത്തിൽ അല്ലാഹുവല്ലാത്തവരോടുള്ള പ്രാർത്ഥന പടച്ചതമ്പുരാൻ പൊറുക്കാത്ത ശിർക്കാണെന്ന് മേൽവചനം അസന്നിഗ്ദമായി പ്രഖ്യാപിക്കുന്നു. അതുകൊണ്ട് ഈ മഹാപാതകത്തിൽ നിന്നും വിട്ട് നിൽക്കുക, പ്രാർത്ഥനകൾ നേർക്കുനേരെ അല്ലാഹുവോടു മാത്രമാക്കുക. വിശുദ്ധ ഖുർആൻ തന്നെ വ്യക്തമാക്കുന്നത് നോക്കൂ:

(സൂറഃ ഫാത്തിഹ: 5, അൽബയാൻ പേജ്: 5)

| | |
|---|---|
| 1/5 (അല്ലാഹുവേ) നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുകയും നിന്നോട് മാത്രം ഞങ്ങൾ സഹായം തേടുകയും ചെയ്യുന്നു. | إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ ﴿٥﴾ |

നമ്മെ സൃഷ്ടിക്കുകയും പരിപാലിക്കുകയും മറ്റും ചെയ്യുന്നത് ഏകനായ അല്ലാഹുവാണ്. ഈ കാര്യങ്ങളിലൊന്നും മറ്റാർക്കും യാതൊരു പങ്കും ഇല്ല. അതിനാൽ അല്ലാഹുവിനെ മാത്രമേ നാം ആരാധിക്കാൻ പാടുള്ളൂ. അവനോട് മാത്രമേ പ്രാർത്ഥിക്കാനും പാടുള്ളൂ. സഹായം തേടുകയെന്നതുകൊണ്ട് പ്രാർത്ഥനയാണ് ഉദ്ദേശം. പ്രാർത്ഥനയാകട്ടെ ഇബാദത്തിന്റെ- ആരാധനയുടെ ഒരു ഭാഗമാണ്താനും.

(സൂറഃ മുഅ്മിനൂൻ: 60, അൽബയാൻ പേജ്: 656)

| | |
|---|---|
| 40/60. (മനുഷ്യരേ) നിങ്ങളുടെ നാഥൻ പറയുന്നു. "എന്നോട് നിങ്ങൾ പ്രാർത്ഥിക്കുവിൻ. ഞാൻ നിങ്ങൾക്കുത്തരം നൽകുന്നതാണ്. എന്നെ ആരാധിക്കുന്ന കാര്യത്തിൽ അഹന്ത കാണിക്കുന്നവർ നിന്ദ്യരായിക്കൊണ്ട് നരകത്തിൽ പ്രവേശിക്കുന്നതാണ്. | وَقَالَ رَبُّكُمُ ادْعُونِي أَسْتَجِبْ لَكُمْ إِنَّ الَّذِينَ يَسْتَكْبِرُونَ عَنْ عِبَادَتِي سَيَدْخُلُونَ جَهَنَّمَ دَاخِرِينَ ﴿٦٠﴾ |

(സൂറഃ അഅ്റാഫ്: 197, അൽബയാൻ പേജ്: 228)

| | |
|---|---|
| 7/197. അല്ലാഹുവിനെ കൂടാതെ നിങ്ങൾ ആരെ വിളിച്ച് പ്രാർത്ഥിക്കുന്നുവോ, അവർക്ക് നിങ്ങളെ സഹായിക്കാൻ കഴിയുകയില്ല. തങ്ങളെത്തന്നെയും അവർ സഹായിക്കുകയില്ല. | وَالَّذِينَ تَدْعُونَ مِن دُونِهِ لَا يَسْتَطِيعُونَ نَصْرَكُمْ وَلَا أَنفُسَهُمْ يَنصُرُونَ ﴿١٩٧﴾ |

(സൂറഃ ജിന്ന്: 18, അൽബയാൻ. പേജ്: 812)

72/18. പള്ളികൾ അല്ലാഹുവിനുള്ളതാണ്. അതുകൊണ്ട് അല്ലാഹുവോടൊപ്പം മറ്റാരാളെയും നിങ്ങൾ വിളിച്ചു പ്രാർത്ഥിക്കരുത്.

وَأَنَّ الْمَسَاجِدَ لِلَّهِ فَلَا تَدْعُوا مَعَ اللَّهِ أَحَدًا ﴿١٨﴾

(സൂറഃ ഫാത്വിർ: 13,14 അൽബയാൻ. പേജ്: 599)

അതാണ് നിങ്ങളുടെ നാഥനായ അല്ലാഹു. അവന്നാണ് ആധിപത്യം. അവന്ന് പുറമെ നിങ്ങൾ ആരെ വിളിച്ചു പ്രാർത്ഥിക്കുന്നുവോ അവർ ഒരു ഈത്തപ്പഴക്കുരുവിന്റെ പാടപോലും സ്വന്തമാക്കുന്നില്ല.

ذَٰلِكُمُ اللَّهُ رَبُّكُمْ لَهُ الْمُلْكُ ۚ وَالَّذِينَ تَدْعُونَ مِن دُونِهِ مَا يَمْلِكُونَ مِن قِطْمِيرٍ ﴿١٣﴾

35/14. നിങ്ങൾ അവരെ വിളിച്ചാൽ നിങ്ങളുടെ വിളി അവർ കേൾക്കുകയില്ല. അവർ കേട്ടാൽ തന്നെ അവരുത്തരം നിങ്ങൾക്ക് തരികയില്ല. നിങ്ങൾ (അവരെ) അല്ലാഹുവിനോട് പങ്ക് ചേർത്തതിനെ അന്ത്യനാളിൽ അവർ തള്ളിപ്പറയുകയും ചെയ്യും. സൂക്ഷ്മജ്ഞനായ അല്ലാഹുവിനെപ്പോലെ ഒരാൾ നിനക്ക് വിവരം തരുന്നില്ല.

إِن تَدْعُوهُمْ لَا يَسْمَعُوا دُعَاءَكُمْ وَلَوْ سَمِعُوا مَا اسْتَجَابُوا لَكُمْ ۖ وَيَوْمَ الْقِيَامَةِ يَكْفُرُونَ بِشِرْكِكُمْ ۚ وَلَا يُنَبِّئُكَ مِثْلُ خَبِيرٍ ﴿١٤﴾

(സൂറഃ റഅ്ദ് :14 അൽബയാൻ. പേജ്: 330)

13/14. യഥാർത്ഥമായ പ്രാർത്ഥന അവന്നുള്ളതാണ്. അവനെക്കൂടാതെ അവർ പ്രാർത്ഥിക്കുന്നവ അവർക്ക് യാതൊരു ഉത്തരവും നൽകുകയില്ല. വെള്ളം തന്റെ വായിലെത്തിക്കാൻവേണ്ടി രണ്ട് കൈകളും നിവർത്തിപ്പിടിക്കുന്നവനെപ്പോലെയാണവർ. എന്നാൽ വെള്ളം വായിലെത്തുന്നുമില്ല. സത്യനിഷേധികളുടെ പ്രാർത്ഥന പിഴവിൽത്തന്നെയാണ്.

لَهُ دَعْوَةُ الْحَقِّ ۖ وَالَّذِينَ يَدْعُونَ مِن دُونِهِ لَا يَسْتَجِيبُونَ لَهُم بِشَيْءٍ إِلَّا كَبَاسِطِ كَفَّيْهِ إِلَى الْمَاءِ لِيَبْلُغَ فَاهُ وَمَا هُوَ بِبَالِغِهِ ۚ وَمَا دُعَاءُ الْكَافِرِينَ إِلَّا فِي ضَلَالٍ ﴿١٤﴾

ചുരുക്കത്തിൽ നമ്മുടെ മാതൃകാ പുരുഷൻമാരായ അമ്പിയാക്കളോ ഔലിയാക്കളോ ബീവിമാരോ സത്യവിശ്വാസികളോ അല്ലാഹുവല്ലാത്തവരെ വിളിച്ച് പ്രാർത്ഥിച്ചിട്ടില്ല. അവരുടെ പ്രാർത്ഥനകളെല്ലാം അല്ലാഹുവോടു മാത്രമായിരുന്നു. അതിലെവിടെയും ആരുടേയും ഹഖും ജാഹും ബർക്കത്തുമുണ്ടായിരുന്നില്ല. മാത്രമല്ല മേൽ പറഞ്ഞ അമ്പിയാക്കൾക്കും ഔലിയാക്കൾക്കുമൊക്കെ ആഗ്രഹസഫലീകരണങ്ങൾ നടത്താൻ കഴിവുണ്ടായിരുന്നെങ്കിൽ അവരുടെ പ്രശ്നങ്ങൾ തന്നെ അവർ സ്വന്തമായി പരിഹരിക്കുമായിരുന്നു. എന്നല്ല അവർക്ക് ഇത്തരം വിപത്തുകൾ ബാധിക്കുക തന്നെയില്ലായിരുന്നു. അപ്പോൾ അവർക്കൊന്നും അത്തരം കഴിവുകൾ ഇല്ലാത്തതുകൊണ്ടായിരുന്നല്ലോ തങ്ങളുടെ

പ്രശ്ന പരിഹാരങ്ങൾക്ക് വേണ്ടി അവർ അല്ലാഹുവോട് പ്രാർത്ഥിച്ചത്! ഇക്കാര്യം സുന്നി ഖുർആൻ പരിഭാഷ യിൽ നിന്നു തന്നെ നമ്മൾ മനസ്സിലാക്കി. ഇത് പോലെ തന്നെ പരിശുദ്ധ ഖുർആനിലും ഹദീസുകളിലും വന്ന മറ്റു നൂറുക്കണക്കിന് പ്രാർത്ഥനകളിലും അല്ലാഹുവല്ലാത്തവരോടുള്ള പ്രാർത്ഥനയുടെ ഒരു ശകലം പോലുമില്ലെന്ന് വ്യക്തമാണ്. അതു കൊണ്ട് ആ മാതൃക സ്വീകരിച്ച് നമ്മളും ജീവിക്കുക. അഥവാ ആഗ്രഹസഫലീകരണങ്ങൾക്ക് വേണ്ടി അല്ലാഹുവിനോട് മാത്രം പ്രാർത്ഥിക്കുക. അങ്ങിനെ ആ അമ്പിയാ-ഔലിയാക്കളുടെ കൂടെ സ്വർഗത്തിൽ പ്രവേശിക്കുവാൻ അവസരമുണ്ടാക്കുക. സർവ്വാധിനാഥൻ അതിന് നമുക്ക് തൗഫീഖ് നൽകട്ടെ. (ആമീൻ).

സുഹൃത്തേ, ഈ സന്ദേശമുൾകൊണ്ടാൽ അതിന്റെ ഗുണം ഇഹത്തിലും പരത്തിലും താങ്കൾക്കു തന്നെയാണ്. അശ്രദ്ധ കൊണ്ടോ ധിക്കാരം കൊണ്ടോ ഇത് തള്ളിക്കളഞ്ഞാൽ അതിന്റെ ദോഷവും താങ്കൾക്കു തന്നെ. അല്ലാഹു പറയുന്നു: (സൂറഃ യൂനുസ്: 108 അൽബയാൻ പേജ്: 288)

| | |
|---|---|
| 10/108. പറയുക: ജനങ്ങളേ, നിങ്ങളുടെ നാഥങ്കൽ നിന്ന് സത്യം നിങ്ങൾക്ക് വന്നെത്തുക തന്നെ ചെയ്തിരിക്കുന്നു. അതുകൊണ്ട് ആരെങ്കിലും നേർമാർഗ്ഗം പ്രാപിക്കുകയാണെങ്കിൽ തനിക്ക് വേണ്ടിത്തന്നെയാണവൻ നേർമാർഗ്ഗം പ്രാപിക്കുന്നത്. ആരെങ്കിലും ദുർമാർഗ്ഗം പ്രാപിക്കുകയാണെങ്കിൽ അതിൻെറ ദോഷവും അവന് തന്നെ. ഞാൻ നിങ്ങളുടെ മേൽ ഉത്തരവാദിയല്ല തന്നെ. | قُلْ يَا أَيُّهَا النَّاسُ قَدْ جَاءَكُمُ الْحَقُّ مِن رَّبِّكُمْ فَمَنِ اهْتَدَىٰ فَإِنَّمَا يَهْتَدِي لِنَفْسِهِ وَمَن ضَلَّ فَإِنَّمَا يَضِلُّ عَلَيْهَا وَمَا أَنَا عَلَيْكُم بِوَكِيلٍ ۝ |

പഠിക്കുക ! ഉൾക്കൊള്ളുക !! പ്രബോധനം ചെയ്യുക !!!

## ഒരു ലക്ഷം രൂപ ഇനാം !!

'ബദ്‌രീങ്ങളേ കാക്കണേ.....', 'മുഹ്‌യിദ്ധീൻ ശൈഖേ രക്ഷിക്കണേ....'
എന്നത് പോലെ അല്ലാഹു അല്ലാത്തവരോടുള്ള ഒരു പ്രാർത്ഥനയെങ്കിലും
വിശുദ്ധ ഖുർആനിലോ സ്വഹീഹായ ഹദീസുകളിലോ കാണിച്ചു
തന്നാൽ അവർക്ക് ഒരു ലക്ഷം രൂപ ഇനാം
നൽകുന്നതാണ്.

പണം കൈപ്പറ്റേണ്ട വിലാസം:


മാനേജർ, സത്യസന്ദേശം പബ്ലിക്കേഷൻസ്
ചങ്ങലീരി-പി.ഒ, മണ്ണാർക്കാട്,
പാലക്കാട്-678762 ഫോൺ: 9447397236